പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4848

18/12/2014 -ൽ മറുപടിക്ക്

**കരാറുകൾ രജിസ്റ്റർ ചെയ്യാൻ നടപടി**

ചോദ്യം

ശ്രീ. എളമരം കരീം
'' കെ. കെ. നാരായണൻ
'' ശ്രീമതി. കെ.എസ്.സലീഖ
'' ശ്രീ. സി. കൃഷ്ണൻ

എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകൾ കമ്പനികളും വ്യക്തി കളുമായും ഉണ്ടാക്കുന്ന കരാറുകൾ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം ഉണ്ടോ ;

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) 1908-ലെ രജിസ്ട്രേഷൻ നിയമം വകുപ്പ് 17(ബി) അനുസരിച്ച് സ്ഥാവര വസ്തുവിൽ നൂറ് രൂപയോ അതിൽ കൂടുതലോ വിലയുള്ള വല്ല അവകാശവും ഉണ്ടാക്കുന്ന, മരണ ശാസനമല്ലാത്ത എല്ലാ കരണങ്ങളും, ടി നിയമം 17 (ഡി) വകുപ്പനുസരിച്ച് ഒരു വർഷമോ അതിനുമുകളിലോ കാലാവധി നിശ്ചയിച്ച സ്ഥാവര വസ്തുവിന്റെ പാട്ടക്കരാറുകളും നിർബന്ധമായി രജിസ്റ്റർ ചെയ്യേണ്ട താണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള താണ്. സർക്കാരിന്റെ വിവിധ വകുപ്പുകൾ വിവിധ കമ്പനികളുമായും വ്യക്തികളുമായും ഉണ്ടാക്കുന്ന വിവിധ കരാറുകൾ ടി നിയമത്തിലെ ടി വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാത്തതുമൂലം, സർക്കാരിന് ഭീമമായ റവന്യൂ നഷ്ടം ഉണ്ടാകുന്ന തായി 2010-2011 സാമ്പത്തിക വർഷത്തെ കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന്, സർ ക്കാരിന്റെ വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഓരോ ഉദ്യോഗസ്ഥനും നിലവിലുള്ള നിയമങ്ങൾ കർശന മായി പാലിക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനുമുള്ള അടി യന്തിര നടപടി സ്വീകരിക്കണ മെന്ന് 7/5/2014-ലെ 13087/ഇ2/2012/നിവ. നമ്പർ സർക്കുലർ മുഖേന സംസ്ഥാ നത്തെ എല്ലാ വകുപ്പു മേധാവികൾ

| | | | |
|---|---|---|---|
| | | | ക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഈ നിർദ്ദേശം പല വകുപ്പു മേധാവികളും പാലിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | 7/5/2014-ലെ 13087/ഇ2/2012/നിവ. നമ്പർ സർഫുലർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇതുകാരണം സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ ; | സി) | ബാധകമല്ല. |
| ഡി) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇത്തരം കരാറുകൾ രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യമുള്ളതാണോ; വിശദാംശം ലഭ്യമാക്കുമോ ? | ഡി) | അതെ. സർക്കാരിന്റെ വിവിധ വകുപ്പുകൾ വിവിധ കമ്പനികളുമായും വ്യക്തികളുമായും ഉണ്ടാക്കുന്ന വിവിധ കരാറുകൾ രജിസ്റ്റർ ചെയ്യപ്പെടാത്തതു മൂലം സർക്കാരിനു റവന്യൂ നഷ്ടം ഉണ്ടാകുന്നതായി 2010-11 സാമ്പത്തിക വർഷത്തെ കംപ്ട്രോളർ & ഓഡിറ്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 7/5/14-ലെ 13087/ഇ2/2012/നിവ. നമ്പർ സർക്കുലർ മുഖേന ഇപ്രകാരമുള്ള റവന്യൂ നഷ്ടം തടയുന്നതിനായി എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കൂടാതെ, 2014-ലെ ഫിനാൻസ് ആക്ട് മുഖേന, 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് ATM, മൊബൈൽ ടവർ ഇവ സ്ഥാപിക്കുന്നതിനുള്ള കരാറുകൾക്ക് പ്രത്യേകമായി മുദ്ര നിരക്ക് ഏർപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ ടി കരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ ടി ഇനത്തിൽ ഇപ്പോൾ റവന്യൂ നഷ്ടം സംഭവിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.